**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **08-10-2021 - ൽ മറുപടിയ്ക്ക്**

**പൗൾട്രി മേഖലയെ ഇതരസംസ്ഥാന ലോബികളിൽ നിന്നും മോചിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിവളർത്തൽ മേഖലയെ ഇതരസംസ്ഥാന ഹാച്ചറി ഉടമസ്ഥരുടെ കുത്തകയിൽ നിന്നു മോചിപ്പിക്കാനും കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള കൃഷി ഒഴിവാക്കി പൗൾട്രി കോർപ്പറേഷൻ തന്നെ ഈ മേഖലയിൽ കാര്യക്ഷമമായി ഇടപെടാനും നടപടി ഉണ്ടാകുമോ? | (എ) | കേരളത്തിലെ കോഴിവളർത്തൽ മേഖലയെ ഇതര സംസ്ഥാനങ്ങളിലെ വൻകിട ഹാച്ചറി ഉടമകളുടെ പിടിയിൽ നിന്നും മോചിപ്പിക്കാനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) അധീനതയിൽ കുടപ്പനക്കുന്ന് (തിരുവനന്തപുരം ജില്ല), കൊട്ടിയം (കൊല്ലം ജില്ല) മാള (തൃശ്ശൂർ ജില്ല) എന്നീ ഹാച്ചറികൾ നവീകരിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഇപ്പോൾ പ്രതിവർഷം 12 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഇവിടത്തെ ഉത്പാദനം പ്രതിവർഷം 20 ലക്ഷമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊട്ടിയം, മാള ഹാച്ചറികളിൽ നിന്നും ഇപ്പോൾ പ്രതിവർഷം ശരാശരി 11 ലക്ഷം മുട്ടക്കോഴികളെ ഉദ്പാദിപ്പിക്കുന്നു. ഇതിനു പുറമെ കാസർഗോഡ് ജില്ലയിൽ ഓരോ പുതിയ ഇറച്ചിക്കോഴി ഫാമും ഹാച്ചറിയും സ്ഥാപിക്കാനും കെപ്കോ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ